## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1070 28.04.2017 -ലെ മറുപടി**

## അതിരപ്പിള്ളി വൈദ്യുതപദ്ധതിയെപ്പറ്റി ജലസേചനവകുപ്പിന്റെ നിലപാട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി. തോമസ് | മാത്യു റ്റി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) അതിരപ്പിള്ളി വൈദ്യുത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ജലസേചന വകുപ്പിന്റെ നിലപാട് വ്യക്തമാക്കാമോ; | (എ) തുമ്പൂർ മൂഴിയിലെ ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിലെത്തുന്ന വെള്ളത്തിന്റെ അളവിലോ സമയദൈർഘ്യത്തിലോ മാറ്റം വരാതെ വെള്ളം ലഭ്യമാക്കും എന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ അതിരപ്പിള്ളി വൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് ജലസേചന വകുപ്പ് ചീഫ് എൻജിനീയർ (ഇറിഗേഷൻ ആൻറ് അഡ്മിനിസ്ട്രേഷൻ ) 28/10/2006-ൽ PL 2-06980/05-ാം നമ്പരായി നിരാക്ഷേപക്കുറിപ്പ് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ചെയർമാൻ പേർക്ക് നൽകിയിട്ടുള്ളതായി കാണുന്നു. |
| ബി) പുതിയ പദ്ധതി നടപ്പാക്കുന്നതു മൂലം ഉണ്ടാകാനിടയുള്ള ഭവിഷ്യത്തുകൾ ജലസേചന വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) പുതിയ പദ്ധതി നടപ്പാക്കുന്നതുമൂലം ഉണ്ടാകാനിടയുള്ള ഭവിഷ്യത്തുകൾ സംബന്ധിച്ച് ജലസേചനവകുപ്പ് പ്രത്യേകപഠനം നടത്തിയിട്ടില്ല. |
| സി) ചാലക്കുടിപ്പുഴ വറ്റിവരളാതെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? വിശദാംശം ലഭ്യമാക്കുമോ? | (സി) ചാലക്കുടിപ്പുഴ വറ്റി വരളാതെ സംരക്ഷിക്കുന്നതിന് പുഴയിൽ തടയണകൾ നിർമ്മിച്ച് വരുന്നുണ്ട്. നിർമ്മാണം നിലച്ചുപോയ തട്ടുപാറ തടയണ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. മണ്ടിക്കുന്ന്, കയ്യാനിക്കടവ് |

എന്നിവിടങ്ങളിൽ പുതിയ തടയണകൾ നിർമ്മിക്കുന്നതിനും പാലപ്പുഴയിൽ പാലത്തോടു കൂടിയ റഗുലേറ്റർ പണിയുന്നതിനും ആവശ്യമായ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതികളെല്ലാം പൂർത്തീകരിക്കുന്നതോടെ ചാലക്കുടി പുഴ വറ്റി വരളാതെ സംരക്ഷിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വർഷത്തെ കടുത്ത വരൾച്ചയെ മുൻ നിർത്തി വ്യവസായിക ആവശ്യങ്ങൾക്കും കാർഷികാവശ്യങ്ങൾക്കും പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്യുന്നതിന് കർശന നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ